"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി **2025-26** – സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ നവീകരണവും സൗകര്യങ്ങൾ മെച്ചപ്പെടുത്തലിനുമായി ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**522/2025/Co-Op** തീയതി,തിരുവനന്തപുരം, **17-12-2025**

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ **08/05/2025** ലെ ആർ.സി.എസ്/**5072/2025** പി&എം ബി **(2)** നം. കുറിപ്പ്
2. **13/05/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
3. സഹകരണ സംഘം രജിസ്ട്രാറുടെ **02/09/2025** ലെ ആർ.സി.എസ്/**5072/2025** പി&എം ബി **(2)** നം. കത്ത്
4. ഇ. അനുമതി നം.**AS/COP/25/ 47590 Subsidy(1), AS/COP/25/47591 Subsidy(2), AS/COP/25/47592 Subsidy(3), AS/COP/25/47593 Subsidy(4)**

**ഉത്തരവ്**

**2025-2026** സാമ്പത്തിക വർഷത്തിൽ സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ നവീകരണത്തിനും ഡയറക്ടറേറ്റിന്റേയും ജില്ലാ ഓഫീസുകളുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും മെച്ചപ്പെടുത്തലിനുമായി **300.00** ലക്ഷം രൂപ ചുവടെ പറയും പ്രകാരം വകയിരുത്തിയിട്ടുണ്ട് -

| ഇനം | ശീർഷകം | ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| മറ്റു ചെലവുകൾ | **2425-101-91-34-3** | **20.00** |
| | | |

| | | |
|---|---|---|
| പരിശീലനം | **2425-101-91-91** | **15.00** |
| വാഹനങ്ങളുടെ വാടക | **2425-101-91-97** | **70.00** |
| വിവര സാങ്കേതിക വിദ്യ | **2425-101-91-99** | **65.00** |
| ഡയറക്ടറേറ്റിന്റെയും ജില്ലാ ആഫീസുകളുടെയും നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | **4425-001-97** | **130.00** |
| ആകെ | | **300.00** |

**2.** **13.05.2025** ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം, **4425-00-001-97-00-00-00-PV**(ഓഹരിശീർഷകം)(ക്യാപിറ്റൽശീർഷകം) വകയിരുത്തിയിരിക്കുന്ന **130** ലക്ഷം രൂപ അനുവദിക്കുന്നതിന് റി അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി ആഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ആഫീസുകളുടെയും നവീകരണം, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലും എന്ന പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് പരാമർശം **(2)** പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അടിയന്തിര പ്രധാന്യം കണക്കിലെടുത്ത് **2025-2026** സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച **300.00** ലക്ഷം രൂപയിൽ നിന്നും **170.00** ലക്ഷം രൂപ ചുവടെ പറയുന്ന ശീർഷകങ്ങളിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള ഭരണാനുമതിയും റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം **(3)** കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, **13/05/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ആഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ആഫീസുകളുടെയും നവീകരണം, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലും എന്ന പദ്ധതി പ്രകാരം **170** ലക്ഷം രൂപ (നൂറ്റി എഴുപത് ലക്ഷം രൂപ മാത്രം) ഖണ്ഡിക **1** ൽ വിവരിക്കും പ്രകാരം **2025-26** സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി2/126/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/159/2025)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.

Signed by
Priyanka T V
Date: 18-12-2025 12:10:56